# വിശ്വാസി

ക്രിസ്തീയ വിശ്വാസത്തിന്റെ പ്രതീകം

VOL. 17 No. 08 PUBLISHED FROM DELHI PRICE Rs. 3/- AUGUST 2013


## സഭാമന്ദിരത്തിന്റെ പ്രതിഷ്ഠ നിർവ്വഹിച്ചു

***ന്യൂഡൽഹി:*** ജനക്പുരി ഇന്ത്യ പെന്തക്കോസ്തൽ ഷാലോം ചർച്ചിന്റെ പുനഃരുദ്ധരിച്ച സഭാമന്ദിരത്തിന്റെയും വിശ്വാസഭവനത്തിന്റെയും പ്രതിഷ്ഠാശുശ്രൂഷ 2013 ജൂലൈ 20 ന് ഇന്ത്യ പെന്തക്കോസ്തൽ ചർച്ച് ഡൽഹി സംസ്ഥാന പ്രസിഡന്റ് പാസ്റ്റർ കെ. ജോയി നിർവ്വഹിച്ചു. ദൈവരാജ്യത്തിന്റെ വ്യാപ്തിക്ക് ഈ സഭാമന്ദിരം ഒരു മുഖാന്തരം ആയി മാറട്ടെ എന്ന് അദ്ദേഹം തദവസരത്തിൽ ആശംസിച്ചു.

സ്ഥലം സഭാശുശ്രൂഷകനായ പാസ്റ്റർ ബിനോയി ജോർജ് പ്രതിഷ്ഠാ ശിശ്രൂഷയ്ക്ക് അദ്ധ്യക്ഷത വഹിച്ചു. ഇന്ത്യ പെന്തക്കോസ്തൽ ചർച്ച് ഡൽഹി സംസ്ഥാന സെക്രട്ടറി പാസ്റ്റർ സാം തോമസ്, പാസ്റ്റർ കെ. വി. ജോസഫ്, പാസ്റ്റർ നോബിൾ വർഗ്ഗീസ്, പാസ്റ്റർ ബിനോയി ജേക്കബ്, കോശി മാത്യു, സ്ഹോദരി സൂസമ്മ ജോയി, മുൻസിപ്പൽ കൗൺസിലർ ഹീരാ മിശ്റ, നാഷണലിസ്റ്റ് യൂത്ത് കോൺഗ്രസ്സ് അഖിലേന്ത്യ വൈസ് പ്രസിഡന്റ് കെ.ജെ. ജോസ്മോൻ, പി. സി. ജോൺസൻ, സഭാ സെക്രട്ടറി ഇ. എം. ഷാജി എന്നിവർ യോഗത്തിൽ ആശംസകൾ അർപ്പിച്ചു സംസാരിച്ചു.

1982ൽ ആരംഭിച്ച സഭാപ്രവർത്തനം 1987ൽ ആണ് സ്വന്തം കെട്ടിടത്തിലേക്ക് മാറിയത്. പുതിക്കിയ കെട്ടിടത്തിൽ വിശാലമായ പാഴ്സനേജും പാർക്കിംഗ് സൗകര്യവുമുണ്ട്.



ഇന്ത്യ പെന്തക്കോസ്തൽ ചർച്ച് ഡൽഹി സംസ്ഥാന പ്രസിഡന്റ് പാസ്റ്റർ കെ. ജോയി ശിലാഫലകം അനാഛാദനം ചെയ്യുന്നു

## എഫ്. സി. വൈ. എം. ഏകദിന സെമിനാർ

***ന്യൂഡൽഹി:*** ഫെയ്ത്ത് ഫെല്ലോഷിപ്പ് ചർച്ചിന്റെ യുവജന വിഭാഗമായ ഫെയ്ത്ത് ക്രിസ്ത്യൻ യൂത്ത്മൂവ്മെന്റ് (എഫ്. സി. വൈ. എം.) ഡൽഹി റീജന്റെ ആഭിമുഖ്യത്തിൽ 2013 ആഗസ്റ്റ് പതിനഞ്ചാം തീയതി കിംഗ്സ് വേ ക്യാമ്പ് ഫെയ്ത്ത് ഫെല്ലോഷിപ്പ് ചർച്ചിൽ വച്ച് ഏകദിന സെമിനാർ നടക്കുന്നു.

"ആധുനിക കാലഘട്ടത്തിൽ ക്രൈസ്തവ മൂല്യങ്ങൾക്കുള്ള പ്രസക്തി" എന്നതാണ് ചിന്താവിഷയം. എഫ്. സി. വൈ. എം. പ്രസിഡന്റ് പാസ്റ്റർ ടി.ഡി. സുധാകരന്റെ അദ്ധ്യക്ഷതയിൽ നടക്കുന്ന സെമിനാർ ഇന്ത്യൻ ക്രിസ്ത്യൻ മിഷൻ പ്രസിഡന്റ് പാസ്റ്റർ എം. സാമുവൽകുട്ടി പ്രാർത്ഥിച്ച് ഉദ്ഘാടനം ചെയ്യും. എക്സികൂട്ടീവ് കമ്മറ്റി അംഗം ബ്രദർ ഷിബു തമ്പി പ്രബന്ധം അവതരിപ്പിക്കും. പ്രമുഖ വേദാധ്യാപകനായ റവ. എ. പി. ഏബ്രഹാം തുടർന്നുള്ള ചർച്ചയിൽ മോഡറേറ്ററായിരിക്കും.

***ഉൾപേജുകളിൽ...***


ടെലിഗ്രാം മരിച്ചിട്ടില്ല : പാസ്റ്റർ എം.സാമുവൽകുട്ടി (ഡൽഹി)

വിശ്വാസിയും വിശ്വാസവും : പാസ്റ്റർ ബിജു തങ്കച്ചൻ (മുംബൈ)

കോരുന്ന ദാഹജലം..കോരാത്ത ജീവജലം : പാസ്റ്റർ പ്രിൻസ് (ഗാസിയാബാദ്)

ദൈവം നൽകുന്ന വിശാലത :പാസ്റ്റർ ബിജു ബഞ്ചമിൻ (അടൂർ)


# ആ തൂലിക നിശ്ചലമായി
## പാസ്റ്റർ ടി.എസ്. ബാലൻ നിത്യതയിൽ

*ദി ഡിഫെൻഡറി*ന്റെ എഡിറ്ററായ പാസ്റ്റർ റ്റി. എസ്. ബാലൻ(57) തന്റെ വേലയെ തികച്ച് നിത്യതയിൽ ചേർക്കപ്പെട്ടു. ഹൃദയാഘാതത്തെ തുടർന്ന് 2013 ജൂലൈ 24-ാം തീയതി വൈകിട്ട് 6:25ന് ചെങ്ങന്നൂരിൽ വച്ചായിരുന്നു അന്ത്യം. 24-ാം തീയതി വൈകിട്ട്നേ് റ്റി.എസ്. ബാലൻ മകനോടൊപ്പം തന്റെ സുഹൃത്തിനെ കാണാൻ ചെങ്ങന്നൂരിലെത്തി.സുഹൃത്തുമായി സംസാരിച്ചു തുടങ്ങിയപ്പോൾ ദേഹാസ്വാസ്ഥ്യം അനുഭവപ്പെട്ടതിനെതുടർന്ന് മുളക്കുഴ സെഞ്ചുറി ഹോസ്പിറ്റലിൽ പ്രവേശിപ്പിച്ചുവെങ്കിലും ജീവൻ രക്ഷിക്കാനായില്ല. ഹൃദയാഘാതമാണ് മരണകാരണമെന്ന്ഡോക്ടർഅറിയിച്ചു. മൃതശരീരം മോർച്ചറിയിൽ സൂക്ഷിക്കുന്നതിനായി രാത്രി 10.30ന് മുവാറ്റുപുഴ നിർമ്മല മെഡിക്കൽ സെന്ററിൽ എത്തിച്ചു.മുവാറ്റുപുഴ നിർമ്മല മെഡിക്കൽ സെന്ററിൽ നിന്നും ജൂലൈ 27-ാം തീയതി ശനിയാഴ്ച രാവിലെ 9.30ന് ഭൗതിക ശരീരം സ്വന്തഭവനമായ തുരുത്തിപ്ലി ആനന്ദ് ഭവനിൽ പൊതുദർശനത്തിനു വച്ചു. 10 മണിയോടെ ശവസംസ്കാര ചടങ്ങിനായി മുൻനിശ്ചയിച്ച പ്രകാരം മലമുറി സാംസൺ ഓഡിറ്റോറിയത്തിലേക്ക് കൊണ്ടു പോയി.

റ്റി.എസ്.ബാലൻ അംഗമായുള്ള പെരുമ്പാവൂർ ശാരോൻ ഫെല്ലോഷിപ്പ് ചർച്ചിന്റെ ശുശ്രൂഷകനായ പാസ്റ്റർ ഏബ്രഹാം ജോസഫിന്റെ നേതൃത്വത്തിലാണ് സംസ്കാര ചടങ്ങുകൾ നടന്നത്.തന്റെ മരണംഅടുത്തു എന്ന് അദ്ദേഹത്തിനു ബോധ്യം ഉണ്ടായിരുന്നതുകൊണ്ട് മരണാനന്തര ചടങ്ങുകൾ എങ്ങനെ നടത്തണം എന്നതിനെക്കുറിച്ച് മകനായ അനീഷ് ബാലനും പാസ്റ്ററായ ഏബ്രഹാം ജോസഫിനും വ്യക്തമായ നിർദ്ദേശങ്ങൾ നല്കിയിരുന്നു. അതിൻപ്രകാരമാണ് ചടങ്ങുകൾ ക്രമീകരിച്ചത്. *ദി ഡിഫെൻഡറി*ന്റെ പല ലക്കങ്ങളിലും ഇതിനെ സംബന്ധിച്ച് റ്റി. എസ്. ബാലൻ എഴുതിയിരുന്നു. സാധാരണയായി പെന്തക്കൊസ്ത് സംഘടനകളുടെ മരണാനന്തര ചടങ്ങുകളിൽ നടന്നുവരാറുള്ള യാതൊരു ശുശ്രൂഷകളും നടത്തുവാൻ അനുവദിക്കരുതെന്ന് അദ്ദേഹം പറഞ്ഞ്ഏല്പിച്ചിരുന്നു. സംസ്കാര ചടങ്ങിൽ ക്രിസ്തീയ പ്രത്യാശഗാനങ്ങൾക്കും വേദപുസ്തകവായനയ്ക്കും പ്രാധാന്യം നല്കണമെന്നും രക്ഷ, മരണാനന്തരജീവിതം എന്നിവയെ കുറിച്ച് പാസ്റ്ററും ഭാര്യപിതാവായ പാസ്റ്റർ പി. തോമസ്സും പ്രഭാഷണം നടത്തണമെന്നും ഇടയ്ക്കിടയ്ക്ക് തന്റെ സിഡി പരമ്പരകളിലെ മരണാനന്തര ജീവിതത്തെക്കുറിച്ച് പ്രതിപാദിക്കുന്ന ഭാഗം കേൾപ്പിക്കണമെന്നും അവശ്യപ്പെട്ടിരുന്നു. കൂടാതെ താൻ രചിച്ച 'മരിച്ചവർ എവിടെ?' എന്നപുസ്തകം സംസ്കാര ചടങ്ങിൽ പങ്കെടുക്കുന്ന എല്ലാവർക്കും സൗജന്യമായി കൊടുക്കണമെന്നുള്ളതും അദ്ദേഹത്തിന്റെ ആഗ്രഹമായിരുന്നു.ഈ ആവശ്യങ്ങൾ പരമാവധി പ്രാവർത്തികമാക്കുവാൻ പാസ്റ്റർ ഏബ്രഹാം ജോസഫ് ശ്രമിച്ചു. അനുശോചനം അറിയിക്കുവാനുള്ള അവസരത്തിന് പലരും ആഗ്രഹം പ്രകടിപ്പിച്ചുവെങ്കിലും പാസ്റ്റർ ഏബ്രഹാം ജോസഫിന് റ്റി. എസ്. ബാലന്റെ നിർദ്ദേശങ്ങളെ മാനിച്ച് അതിന് കഴിഞ്ഞില്ല. പാസ്റ്റർ പി.തോമസിന്റെയും പാസ്റ്റർ ഏബ്രഹാം ജോസഫിന്റെയും പ്രഭാഷണാനന്തരം പ്രാർത്ഥനയോടെ ഉച്ചയ്ക്ക് 12.30ന് പെരുമ്പാവൂർ ശാരോൻ ഫെല്ലോഷിപ്പ് ചർച്ചിന്റെ മലമുറിയിലുള്ള ശ്മശാനത്തിൽ ഭൗതികശരീരം അടക്കംചെയ്യുന്നതിന് എത്തിച്ചു. 12.45ന്ശാരോൻ ഫെല്ലോഷിപ്പ് ചർച്ച് സെക്രട്ടറി പാസ്റ്റർ കെ. റ്റി .തോമസിന്റെ ഉപസംഹാരപ്രസംഗത്തിനു ശേഷം പ്രാർത്ഥനയോടെ റ്റി. എസ്. ബാലന്റെഭൗതികശരീരം സംസ്കരിച്ചു.

ശാരോൻ ഫെല്ലോഷിപ്പ് ചർച്ചിലെ ശുശ്രൂഷകരും മറ്റ് പെന്തക്കോസ്ത് സംഘടനകളിലെ പാസ്റ്റർമാരും ക്രൈസ്തവഅക്രൈസ്തവ പത്രങ്ങളുടെപ്രതിനിധികളും ചടങ്ങിൽ പങ്കെടുത്തിരുന്നു. മരണവാർത്ത അറിഞ്ഞ നിമിഷം മുതൽ ശവസംസ്കാര ചടങ്ങിന്റെ അവസാന നിമിഷം വരെ പെരുമ്പാവൂർ ശാരോൻ ഫെല്ലോഷിപ്പ് ചർച്ചിന്റെ സജീവസാന്നിദ്ധ്യം റ്റി. എസ്. ബാലന്റെകുടുംബത്തോടൊപ്പം ഉണ്ടായിരുന്നു. മാതൃകാപരമായ ശവസംസ്കാര ചടങ്ങായിരുന്നുവെന്ന് എല്ലാവരും ഒരുപോലെ അഭിപ്രായപ്പെട്ടു.

താൻ വിശ്വസിച്ച സത്യത്തിൽ ഉറച്ചു നിൽക്കയും അതിനുവേണ്ടി അക്ഷീണം പോരാടുകയും ചെയ്ത റ്റി.എസ്.ബാലൻ മരണത്തിലും വ്യത്യസ്തനായി.'*ദി ഡിഫെൻഡർ*' പത്രത്തിന്റെ പേരിനെ അന്വർത്ഥമാക്കുന്നജീവിതവും പ്രത്യയശാസ്ത്രവും തന്നെയായിരുന്നു റ്റി. എസ്.ബാലന്റേത്.



പതിനാറു വർഷങ്ങൾക്ക് മുമ്പ് പ്രജാപതി എന്ന ദുരുപദേശത്തിനെതിരെ ശക്തമായ നിലപാട് എടുക്കുകയും അതിന്റെ പ്രചരണത്തിനായി *ദി. ഡിഫൻഡർ* എന്ന പത്രത്തിന്റെ പ്രസിദ്ധീകരണം ടി. എസ്. ബാലൻ ആരംഭിക്കുകയായിരുന്നു. തുടർന്ന് സഭയ്ക്കുള്ളിൽ കടന്നു കൂടിയ എല്ലാ ദുരൂപദേശങ്ങൾക്കെതിരെയും ശക്തനായ പ്രതിരോധകനായി താൻ നിലകൊണ്ടു.

ഉപദേശ വിരുദ്ധമായ പ്രവണതകൾക്കെതിരെയുള്ള തന്റെ വിമർശനങ്ങൾ പലരുടേയും വ്യക്തിപരമായ ജീവിതത്തിലേക്ക് കടന്നുകയറിയപ്പോൾ അത് മിത്രങ്ങളെ ശത്രുക്കളാക്കി മാറ്റി. ദർശനം വഴിവിട്ട് വിമർശനം പരിധികൾ ലംഘിച്ചപ്പോഴും അദ്ദേഹം പറയുന്നത് വിശ്വസിക്കുന്നവരായി

(ശേഷം രണ്ടാം പേജിൽ)

*പത്രാധിപ ലേഖനം.......*

# ടെലിഗ്രാം മരിച്ചിട്ടില്ല



ഒന്നര നൂറ്റാണ്ടിലേറെ നമ്മുടെ സന്തോഷങ്ങളെയും ദുഃഖങ്ങളെയും വായുവേഗത്തിൽ കൈമാറിയ കമ്പിയില്ലാക്കമ്പി എന്ന ടെലിഗ്രാം ഇനി ഓർമ്മ മാത്രം. ഇന്ത്യയിൽ ടെലിഗ്രാം സന്ദേശ സേവനത്തിന്റെ അവസാന ദിനമായ ജൂലൈ 14 ജനം ആഘോഷമാക്കിമാറ്റി. 163 വർഷത്തെ സേവനത്തിനു ശേഷം ബി.എസ്സ്.എൻ. എൽ. ടെലിഗ്രാമിന്റെ പ്രവർത്തനങ്ങൾ പൂർണ്ണമായും അവസാനിപ്പിച്ചു. പ്രധാനമായും ദുഃഖവാർത്തകളുടെ വാഹകൻ എന്നറിയപ്പെട്ടിരുന്ന ടെലിഗ്രാമിന്റെ അവസാനദിവസം സന്തോഷത്തിന്റെ സന്ദേശങ്ങൾ നിറഞ്ഞതായിരുന്നു. പതിനായിരക്കണക്കിനാളുകൾ രാജ്യത്തിന്റെ പലഭാഗങ്ങളിൽ നിന്നും തങ്ങളുടെ സന്ദേശങ്ങൾ ചരിത്രതാളുകളിൽ പതിപ്പിക്കുവാൻ തിരക്കുകൂട്ടി. അതിൽ പലരുടേയും ടെലിഗ്രാം സന്ദേശങ്ങൾ ആദ്യത്തേതും അവസാനത്തേതുമായിരുന്നു.

1844 മെയ് 24-ാം തീയതി വാഷിംഗ്ടൺ ഡി.സിയിൽ നിന്ന് ബാൾട്ടിമോറിലേയ്ക്ക് ഒരു പരീക്ഷണ ലൈനിലൂടെ സാമുവൽ എഫ്. ബി. മോർസാണ് ആദ്യത്തെ ടെലിഗ്രാം സന്ദേശമയച്ചത്. ലോകത്തിലെ ആദ്യ കമ്പി സന്ദേശം ബൈബളിലെ ഒരു വാക്യമായിരുന്നു എന്നത് ചരിത്രസത്യമായി അവശേഷിക്കുന്നു. സംഖ്യ. 23:23 ആയിരുന്നു ആദ്യത്തെ സന്ദേശം. ഈ വാക്യം അയയ്ക്കുവാൻ മോർസിന് നിർദ്ദേശം നൽകിയത് അദ്ദേഹത്തിന്റെ ഒരു സുഹൃത്തിന്റെ മകൾ ആനി എൽസ്വർത്ത് ആയിരുന്നു. അതിനുശേഷം, ടെലിഗ്രാഫ് സ്റ്റേഷനുകളിലെ നെറ്റ് വർക്കിലൂടെ വൈദ്യുതകാന്തത്തിന്റെ സഹായത്തോടെ തരംഗങ്ങൾ അയക്കുവാൻ കഴിയുന്ന വാർത്താവിനിമയ സംവിധാനം മോർസ് കണ്ടുപിടിച്ചു. ഈ സംവിധാനത്തിലൂടെ സന്ദേശങ്ങൾ കൈമാറാൻ പുതിയ കോഡുകളും ഇലക്ട്രോണിക് വരകളും കുത്തുകളും അദ്ദേഹം രൂപപ്പെടുത്തി. പുതിയ പുതിയ സംവിധാനങ്ങളിലേക്കും വാർത്താവിനിമയത്തിനുള്ള ഹൈ-ടെക്ക് ഉപാധികളായ ഫോണുകൾ, ഫാക്സ്, മൊബൈൽ ഫോണുകൾ, ഇന്റർനെറ്റ്, ഇ-മെയിൽ തുടങ്ങിയവയിലേക്ക് വളരെ വേഗം ചുവടുവച്ച ആധുനികലോകത്തിലും ടെലിഗ്രാം വളരെ ഉപയോഗിക്കപ്പെട്ടിരുന്നു.

1850ൽ പരീക്ഷണാടിസ്ഥാനത്തിൽ കൽക്കട്ട മുതൽ ഡയമൺഡ് ഹാർബർ വരെ സ്ഥാപിക്കപ്പെട്ട ടെലിഗ്രാഫ് ലൈൻനോടുകൂടിയാണ് ഇന്ത്യയിലേക്ക് ടെലിഗ്രാം സർവ്വീസ് കടന്നുവന്നത്. ഒരു വർഷത്തിനുശേഷം ബ്രിട്ടീഷ് ഈസ്റ്റ് ഇന്ത്യാ കമ്പിനി ടെലിഗ്രാഫ് ഉപയോഗിക്കുവാൻ തുടങ്ങി. ആയിരത്തി എണ്ണൂറ്റി അമ്പത്തിനാലോടുകൂടി പൊതുജനത്തിനായി ഈ സംവിധാനം തുറന്നു കൊടുക്കുകയും രാജ്യത്തെമ്പാടും ടെലിഗ്രാഫ് ലൈനുകൾ സ്ഥാപിക്കുകയും ചെയ്തു. 1876-ൽ അലക്സാണ്ടർ ഗ്രഹാം ബെൽ ടെലിഫോൺ കണ്ടുപിടിക്കുകയും അതിന്റെ ഉപയോഗം വ്യാപകമാവുകയും ചെയ്തിട്ടുപോലും ടെലിഗ്രാം സർവ്വീസ് ഇന്ത്യക്കകത്തും ലോകത്തെമ്പാടുമായി വ്യാപിക്കപ്പെട്ടു. അര നൂറ്റാണ്ടോളം സന്ദേശങ്ങൾ കൈമാറിയിരുന്നത് കേബിൾ ലൈനുകളിലൂടെയായിരുന്നു. എന്നാൽ, 1902 മുതൽ ഇന്ത്യയിൽ വയർലസ് സിസ്റ്റം നിലവിൽ വന്നു.

മറ്റു രാജ്യങ്ങളെപ്പോലെ ഇന്ത്യയിലും ഡിജിറ്റൽ കമ്മ്യൂണിക്കേഷനിലേക്കുള്ള പ്രവണത തുടങ്ങിയത് 1960ൽ ഡിജിറ്റൽ കമ്പ്യൂട്ടറുകളുടെ വരവോടുകൂടിയാണ്. പിന്നീട്, ഫാക്സ്, ഇ-മെയിൽ തുടങ്ങിയ സംവിധാനങ്ങളും ടെലിഗ്രാമിന്റെ നടത്തിപ്പിനെ കാര്യമായി ബാധിച്ചു. തൊണ്ണൂറുകളിൽ നഷ്ടത്തിലായിരുന്ന ടെലിഗ്രാഫ് സിസ്റ്റത്തെ ഇന്ത്യൻ തപാൽ സർവീസിൽ നിന്നും ഭാരത് സഞ്ചാർ നിഗം ലിമിറ്റഡ് (ബി.എസ്.എൻ.എൽ.) ഏറ്റെടുത്തു. എന്നാൽ ഇ-മെയിലിന്റെയും എസ്.എം.എസിന്റെയും വർദ്ധിച്ചുവന്ന മേൽക്കോയ്മക്കു മുമ്പിൽ ടെലിഗ്രാഫിന്റെ വളർച്ച നിലച്ചു. ബി.എസ്.എൻ.എൽ. സർക്കാരിനോട് ടെലിഗ്രാമിന്റെ പ്രവർത്തനത്തെ പിന്തുണയ്ക്കണമെന്നാവശ്യപ്പെട്ടപ്പോൾ ഇനിയും ഈ സംവിധാനത്തിന്റെ ആവശ്യകതയെപ്പറ്റി ചിന്തിക്കേണ്ടിയിരിക്കുന്നു എന്നായിരുന്നു ലഭിച്ച മറുപടി. അതിന്റെ ഫലമായി തപാലിലെ എല്ലാ വകുപ്പുകളുമായി ആലോചിച്ച ശേഷം 2013 ജൂലൈ 15 മുതൽ ടെലിഗ്രാഫിന്റെ എല്ലാ പ്രവർത്തനങ്ങളും പൂർണ്ണമായും അവസാനിപ്പിക്കുവാൻ ബി.എസ്.എൻ.എൽ. തീരുമാനിച്ചു. ഒരു മുതിർന്ന ബി.എസ്.എൻ.എൽ. ഉദ്യോഗസ്ഥൻ തന്റെ അഭിപ്രായം ഇങ്ങനെ രേഖപ്പെടുത്തി: ടെലിഗ്രാമിന് അതിന്റെ ഔചിത്യം നഷ്ടപ്പെട്ടിരിക്കുന്നു. കമ്പിയില്ലാ കമ്പിയുടെ അടിസ്ഥാനപരമായ ദൗത്യം വേഗത്തിൽ സന്ദേശം അയയ്ക്കുക എന്നതായിരുന്നു. എന്നാൽ ഇപ്പോൾ ഇ-മെയിലും എസ്.എം.എസും ഫാക്സും ആ ജോലി ചെയ്യുന്നു. ഈ സ്മാർട്ട് ഫോൺ കാലഘട്ടത്തിൽ ഇന്ത്യയെപ്പോലെ മറ്റു പല പടിഞ്ഞാറൻ രാജ്യങ്ങളും ടെലിഗ്രാം നിർത്തലാക്കിയെങ്കിലും സ്വീഡൻ, ഇംഗ്ലണ്ട്, റഷ്യ, ജർമ്മനി തുടങ്ങിയ പല രാജ്യങ്ങളും ടെലിഗ്രാമിന്റെ സേവനം സുഗമമായി നടത്തിവരുന്നു.

ലോകത്തിലെ ആദ്യത്തെ ടെലിഗ്രാം സന്ദേശം ബൈബിളിലെ ഒരു വാക്യമായിരുന്നു എന്നത് അഭിമാനകരമായ ഒരു വസ്തുതയാണ്. പഴയനിയമ കാലങ്ങളിൽ ദൈവം നേരിട്ടും ദൂതന്മാരിലൂടെയും പ്രവാചകന്മാരിലൂടെയും മനുഷ്യരിലേക്ക് സന്ദേശങ്ങൾ കൈമാറിയിരുന്നു. ഇന്ന് ദൈവത്തിന്റെ സന്ദേശങ്ങൾ പ്രധാനമായും ദൈവവചനത്തിലൂടെ മനുഷ്യന് നൽകപ്പെട്ടിരിക്കുന്നു. ദർശനങ്ങളിലൂടെയും തന്റെ ദാസന്മാരിലൂടെയും തന്റെ സന്ദേശം ജനത്തിനു നൽകുന്നു. ടെലിഗ്രാമോ മറ്റ് ആധുനിക സംവിധാനങ്ങളോ ആരംഭിക്കുന്നതിന് മുമ്പുതന്നെ ദൈവവും മനുഷ്യനും തമ്മിലുള്ള സന്ദേശം കൈമാറ്റപ്പെട്ടിരുന്നു, അത് ഇന്നും തുടരുന്നു. ഒരിടത്തു നിന്നും മറ്റൊരിടത്തേക്ക് ടെലിഗ്രാം സന്ദേശമയയ്ക്കാൻ ടെലിഗ്രം ഓഫീസുകളിൽ ക്യൂ നിന്ന് സന്ദേശമയയ്ക്കണം. ആ സന്ദേശം ലഭിക്കുന്ന വ്യക്തി പൂർണ്ണ അർത്ഥത്തിൽ അത് മനസ്സിലാക്കുമെന്നതിനും ഉറപ്പില്ല. എന്നാൽ, സകലത്തിന്റെയും ഉടയവനായ ദൈവത്തിന് ഒരു സന്ദേശം കൈമാറാൻ ഇതിന്റെയൊന്നും ആവശ്യമില്ല. അത് ടെലിഗ്രം സന്ദേശത്തെക്കാൾ വേഗത്തിൽ എത്തേണ്ട ഇടത്ത് എത്തുന്നു. തന്റെ ഭക്തന്റെ നിനവുകളെ ദൂരത്തുനിന്ന് മനസിലാക്കുന്നവനാണ് ദൈവം. യഹോവേ, നീയെന്നെ ശോധന ചെയ്ത് അറിഞ്ഞിരിക്കുന്നു. ഞാൻ ഇരിക്കുന്നതും എഴുന്നേൽക്കുന്നതും നീ അറിയുന്നു. എന്റെ നിരൂപണം നീ ദൂരത്തു നിന്നും ഗ്രഹിക്കുന്നു (സങ്കീ.139:1,2). അതാണ് നമ്മുടെ ദൈവത്തിന്റെ ടെലിഗ്രാമിന്റെ പ്രത്യേകത. മനസ്സിൽ നിരൂപിച്ചാൽ മതി, അവനതറിയുന്നു.

നാം ഓരോരുത്തരും ദൈവത്തിന്റെ സന്ദേശവാഹകരാണ്. സുവിശേഷം എത്തിക്കേണ്ടവർ. ആധുനിക സംവിധാനങ്ങൾ വർദ്ധിച്ചതോടുകൂടി അതിൽ മുഴുകി പലരും തങ്ങളുടെ ദൗത്യം മറന്നിരിക്കുന്നു. എന്നാൽ ദൈവം നൽകിയ സംവിധാനങ്ങളും സൗകര്യങ്ങളും ദൈവരാജ്യത്തിന്റെ വ്യാപ്തിക്കായി പൂർണ്ണമായി ഉപയോഗിക്കുവാൻ നാം തയ്യാറായാൽ ഇന്ത്യയിലും ലോകത്തെമ്പാടും ഈ ശുഭസന്ദേശം ഇനിയും വ്യാപിക്കും. ഒരു സംവിധാനവും നിലവിലില്ലാതിരുന്ന കാലത്ത് ഉണ്ടായ സുവിശേഷത്തിന്റെ വ്യാപ്തി ഇന്നു സംഭവിക്കുന്നുണ്ടോ എന്ന് നാം പരിശോധിച്ചാൽ ഇല്ല എന്നു പറയേണ്ടിവരും.

ആധുനിക കാലഘട്ടത്തിലാണ് നാം ജീവിക്കുന്നത്. നമുക്ക് ലഭ്യമായ എല്ലാ സംവിധാനങ്ങളിലൂടെയും ആ ജീവസന്ദേശം എത്തേണ്ട ഇടങ്ങളിൽ എത്തിക്കുന്ന നല്ല സന്ദേശവാഹകരായിത്തീരുവാൻ ദൈവം നമ്മെ സഹായിക്കട്ടെ.

*- പാസ്റ്റർ എം. സാമുവൽകുട്ടി*

## പാസ്റ്റർ ടി.എസ്. ബാലൻ നിത്യതയിൽ

(ഒന്നാം പേജിൽ നിന്നും തുടർച്ച)

രുന്നു പെന്തക്കോസ്തിലെ ഭൂരിപക്ഷവും. അതിനു കാരണം അദ്ദേഹം പോരാടുന്ന വിഷയങ്ങളിൽ താൻ സ്വീകരിച്ച നിലപാടുകളുടെ ഉറപ്പായിരുന്നു. ദുരുപദേശമില്ലാതെ, ദുർന്നടപ്പ് ഇല്ലാതെ ദ്രവ്യാഗ്രഹമില്ലാതെ, അധികാരമോഹമില്ലാതെ അദേഹം വചനത്തിലെ സത്യത്തിനായി നിലകൊണ്ടു എന്നതുതന്നെ.

ഇടുക്കി കൊച്ചറയിൽ ഒരു നായർ ഭവനത്തിൽ ജനിച്ച ബാലൻ 1974ൽ കർത്താവിനെ രക്ഷിതാവായി സ്വീകരിച്ചു. പത്തു വർഷത്തോളം നാഗാലാന്റിൽ അധ്യാപകൻ, ഹെഡ്മാസ്റ്റർ, പ്രിൻസിപ്പൽ എന്നീ നിലകളിൽ ജോലിചെയ്തു. അക്കാലത്ത് പൂനൈ യു.ബി.എസ്സിൽ ബി.ഡി. എക്സ്റ്റൻഷൻ വിദ്യാർത്ഥിയായി ചേർന്ന് പഠിച്ച് സെറാംബൂർ ബി.ഡി. പാസ്സായി. സുവിശേഷവേലചെയ്യുവാനുള്ള ആഗ്രഹം നിമിത്തം 1993ൽ ജോലി രാജിവച്ചു. 1994 മുതൽ ഏഴു വർഷം ശാരോൻ ഫെല്ലോഷിപ്പ് ചർച്ചിൽ സഭാശുശ്രൂഷകനായിരുന്നു. 1998-2001 കാലത്ത് ബാംഗ്ലൂരിലെ എ.ഐ.റ്റിൽ എക്സ്റ്റൻഷൻ വിദ്യാർത്ഥിയായി ചേർന്ന് എം.ടി.എച്ച് ഫസ്റ്റ് ക്ലാസ്സിൽ പാസായി. സെറാംമ്പൂർ ഡി.മിൻ കോഴ്സ്സിന് അഡ്മിഷൻ ലഭിച്ചതിനാൽ സഭാശുശ്രൂഷയിൽ നിന്ന് അവധിയെടുത്തു പഠനം തുടർന്നു. പക്ഷെ അനാരോഗ്യം കാരണം 2004ൽ ഡോക്ടറേറ്റ് പഠനം ഉപേക്ഷിക്കേണ്ടി വന്നു.


## MATRIMONIAL

ഡൽഹിയിൽ (ഫയർ ആൻഡ് സേഫ്റ്റി) ജോലി ചെയ്യുന്ന പെന്തക്കൊസ്ത് ചേരമർ യുവാവിന് (31 വയസ്, 170 സെ.മീ. ഉയരം) അനുയോജ്യരായ യുവതികളുടെ മാതാപിതാക്കളിൽ നിന്നും വിവാഹാലോചനകൾ ക്ഷണിക്കുന്നു.
ഫോൺ: 09656550757.

ഡൽഹിയിൽ പ്രശസ്തമായ ഹോസ്പിറ്റലിൽ സ്റ്റാഫ് നെഴ്സായി ജോലി ചെയ്യുന്ന ബ്രദറൺ സാംബവ യുവതിക്ക് (24 വയസ്, 150 സെ.മീ. ഉയരം, ഫെയർ ) അനുയോജ്യരായ ബ്രദറൺ/പെന്തക്കോസ്ത് യുവാക്കളുടെ മാതാപിതാക്കളിൽ നിന്നും വിവാഹാലോചനകൾ ക്ഷണിക്കുന്നു.
ഫോൺ: 0860646686

## വിശ്വാസ ഗീതങ്ങൾ

*ഒരു ഉത്തമ ഗാനോപഹാരം*

*മലയാളം, ഇംഗ്ലീഷ്, ഹിന്ദി, തമിഴ്, റോമൻ സ്ക്രിപ്റ്റിലുമായി 1000ൽപ്പരം ഗാനങ്ങൾ*

**വിശ്വാസ സംവാദങ്ങൾ, ഡയലോഗ്സ് ഇൻ ഫെയ്ത്ത്** (ഇംഗ്ലീഷ്) എന്നീ പുസ്തകങ്ങളും ലഭ്യമാണ്.

കൂടാതെ സ്നേഹധ്വനി, സ്നേഹധാര, സ്നേഹനാഥൻ, പ്രേംവാണി, കൺവൻഷൻ ഗാനങ്ങൾ, സ്നേഹമാധുരി, പ്രേമമാധുരി(തെലുങ്ക്)

എന്നീ ആഡിയോ സിഡികളും ലഭ്യമാണ്

കോപ്പികൾക്ക്:-

**Pastor M. Samuelkutty**
Faith Villa, 96/E, 2nd Floor, Ward No: 2,
Mehrauli,
New Delhi-110 030



**വരിസംഖ്യ നിരക്ക് ഒരുവർഷത്തേക്ക്**

| | |
|---|---|
| ഇന്ത്യയിൽ | :36 രൂപ |
| ഗൾഫ് | :300 രൂപ |
| യു.എസ് | :10 $ |
| കാനഡ | :10 $ |


### ക്ഷണിക്കുന്നു

*വിശ്വാസി*യിൽ പ്രസിദ്ധീകരിക്കുന്നതിന് ലേഖനങ്ങൾ, കവിതകൾ, വാർത്തകൾ, ഭാവനകൾ,ചെറുകഥകൾ എന്നിവ ക്ഷണിച്ചുകൊള്ളുന്നു.

*-പത്രാധിപർ*


**എഡിറ്റോറിയൽ ബോർഡ്**

ചീഫ് എഡിറ്റർ
പാസ്റ്റർ എം. സാമുവൽകുട്ടി

അസ്സോസിയേറ്റ് എഡിറ്റേഴ്സ്
തോമസ് ഡാനിയേൽ
പാസ്റ്റർ ബിജു ബഞ്ചമിൻ
പാസ്റ്റർ ബിനോയി പി. ജോൺ
ഷിബു തമ്പി

പ്രൊഡക്ഷൻ & സർക്കുലേഷൻ മാനേജർ
ചെറിയാൻ ഡാനിയേൽ

ടൈപ്പ് സെറ്റിങ്ങ് : *വിശ്വാസി* ഗ്രാഫിക്സ്, ഡൽഹി

വിശ്വാസി അറിഞ്ഞിരിക്കേണ്ടവ

# വിശ്വാസിയും വിശ്വാസവും



പാസ്റ്റർ ബിജു തങ്കച്ചൻ
മുംബൈ

**വി**ശ്വാസത്തിൽ ആരംഭിച്ച് വിശ്വാസത്തിൽ ജീവിച്ച് വിശ്വാസത്തിൽ അവസാനിക്കുന്നതാണ് വിശ്വാസിയുടെ ജീവിതം. വിശ്വാസം ഇല്ലാതെ വിശ്വാസി ഇല്ല. നിലനിൽക്കുന്ന മൂന്ന് കാര്യങ്ങളിൽ ഒന്നാണ് വിശ്വാസം എന്ന് പൗലൊസ് പ്രസ്താവിച്ചു.

വിജയകരമായ വിശ്വാസജീവിതത്തിന് വേണ്ടുന്ന മൂന്ന് വിശ്വാസങ്ങളെ കുറിച്ചുള്ള വിചിന്തനമാണ് ഈ ലേഖനം.

## ദൈവത്തിലുള്ള വിശ്വാസം.

സർവ്വശക്തനായ ദൈവത്തിലും അവന്റെ വചനത്തിലും വിശ്വസിച്ചാണ് പഴയനിയമ ഭക്തന്മാർ ജീവിതം നയിച്ചത്. ആശിക്കുന്നതിന്റെ ഉറപ്പും കാണാത്ത കാര്യങ്ങളുടെ നിശ്ചയവുമായ വിശ്വാസത്താലാണ് പിതാക്കന്മാർക്ക് സാക്ഷ്യം ലഭിച്ചത്. ദൈവത്താലും ദൈവത്തിന്റെ വചനത്താലും സകലതും സൃഷ്ടിക്കപ്പെട്ടു എന്നും അവനാണ് സകലവും നിയന്ത്രിക്കുന്നതെന്നും അവനിലുള്ള വിശ്വാസമാണ് പരദേശപ്രയാണത്തിന്റെ തുണയെന്നും അവർ വിശ്വസിച്ചു. യോഗ്യമല്ലാത്ത ലോകത്തിൽ ജീവിച്ചു എങ്കിലും ദൈവത്തെ പ്രസാദിപ്പിക്കാൻ വിശ്വാസത്താൽ അവർക്ക് സാധിച്ചു. ഹാബേൽ മുതൽ ശമുവേൽ വരെയുള്ള ഭക്തന്മാരുടെ നീണ്ട നിര എബ്രായലേഖന കർത്താവ് നിരത്തുന്നു(എബ്രായർ 11:1 -32). വിശ്വാസത്താൽ അവർ ചെയ്ത വീര്യപ്രവൃത്തികളുടെ വിവരണം ഏതൊരു വിശ്വാസിക്കും ഉത്തേജനം പകരുവാൻ പ്രാപ്തമാണ്. കഷ്ടപ്പാടുകൾ കടലിലെ തിരമാല പോലെ ആർത്തലച്ചപ്പോൾ അവർ വിശ്വാസത്താൽ അതിനെ ജയിച്ചു.

എന്നാൽ, പുതിയനിയമ ഭക്തന് നോക്കി യാത്ര ചെയ്യുവാൻ വിശ്വാസത്തിന്റെ നായകനും പൂർത്തീവരുത്തുന്നവനുമായ യേശുക്രിസ്തു മുന്നിലുണ്ട്. അവനിലുള്ള വിശ്വസമാണ് നമ്മുടെ ബലം. സീയോനിൽ ഇട്ട ശ്രേഷ്ഠവും മാന്യവുമായ മൂലക്കല്ല് ക്രിസ്തുവാണെന്നും അവനിൽ വിശ്വസിക്കുന്നവൻ ലജ്ജിച്ചുപോകയില്ലന്നും പത്രൊസ് അപ്പോസ്തലൻ വിവരിക്കന്നു(1 പത്രൊസ് 2:6).

## പരസ്പര വിശ്വാസം

പരസ്പരം ഉള്ള വിശ്വാസവും കൂട്ടായ്മയും വിശ്വാസ ജീവിത വിജയത്തിന് ഒഴിച്ചുകൂടാൻ പറ്റാത്തതാണ്. നെഹമ്യാവിന്റെയും സഹപ്രവർത്തകരുടേയും പരസ്പര വിശ്വാസത്തിലാധിഷ്ഠിതമായ പ്രവർത്തനം നമുക്കൊരു മാതൃകയാണ്, യരുശലേമിന്റെ മതിൽ പണിയുക എന്ന മഹത്ദർശനം നെഹമ്യാവ് പങ്കുവയ്ക്കുമ്പോൾ അത് അംഗീകരിക്കയും (നെഹമ്യാവ് 2:17) ആ നല്ല പ്രവൃത്തിക്കായി അവർ അന്യോന്യം ധൈര്യപ്പെടുത്തുകയും ചെയ്തു. നെഹമ്യാവിന്റെ പുസ്തകത്തിലുടനീളം കാണുന്ന ഞങ്ങൾ എന്ന പ്രയോഗം ശ്രദ്ധേയമാണ്. അവരുടെ പരസ്പര വിശ്വാസവും കൂട്ടായ്മയും പ്രാർത്ഥനാപൂർവ്വമുള്ള പ്രയത്നവുമാണ് ആ ബൃഹത് പദ്ധതി പൂർത്തീകരണത്തിലെത്തിച്ചത്. ശ്രുശ്രൂഷകനും വിശ്വാസികളും തമ്മിലും വിശ്വാസികളും പരസ്പരവും വിശ്വാസം ഉണ്ടെങ്കിലേ സഭാപ്രവർത്തനങ്ങൾ പുരോഗമിക്കയുള്ളു. ഭാര്യയും ഭർത്താവും തമ്മിലും മാതാപിതാക്കളും മക്കളും തമ്മിലും പരസ്പരവിശ്വാസം ഉണ്ടാകേണ്ടത് കുടുംബ ജീവിത വിജയത്തിന് അനിവാര്യമാണ്. ഒരു സ്ഥാപനത്തിന്റെ സുഗമമായ നടത്തിപ്പും പുരോഗമനവും വിവിധ തസ്തികകളിൽ ജോലി ചെയ്യുന്നവർ തമ്മിൽ ഉള്ള പരസ്പര വിശ്വാസത്തിൽ അധിഷ്ഠിതമാണ്.

> നമ്മോടുകൂടെയുള്ളവൻ അവരോടുകൂടെയുള്ളവരേക്കാൾ വലിയവൻ എന്ന തിരിച്ചറിവ് നമുക്ക് ആത്മവിശ്വാസം നൽകും. ആത്മവിശ്വാസം ഉള്ള ഒരാളിനു മാത്രമേ സകല ഭാരവും മുറുകെ പറ്റുന്ന പാപവും വിട്ട് നമുക്ക് മുമ്പിൽ വച്ചിരിക്കുന്ന ഓട്ടം സ്ഥിരതയോടെ ഓടുവാൻ സാധിക്കുകയുള്ളു.

## ആത്മവിശ്വാസം

ദൈവവിശ്വാസത്തിന്റെയും പരസ്പര വിശ്വാസത്തിന്റെയും പ്രകടഫലമാണ് ആത്മവിശ്വസം. നിന്നാൽ ഞാൻ പടക്കൂട്ടത്തിന്റെ നേരെ പാഞ്ഞുചെല്ലും എന്റെ ദൈവത്താൽ ഞാൻ മതിൽ ചാടികടക്കും എന്നു പറയുന്ന പഴയനിയമ ഭക്തനും എന്നെ ശക്തനാക്കുന്നവൻ മുഖാന്തരം ഞാൻ സകലത്തിലും മതിയായവൻ എന്ന് പ്രസ്താവിച്ച പുതിയനിയമ ഭക്തനും ആത്മവിശ്വാസം ഉള്ളവരായിരുന്നു. നമ്മോടുകൂടെയുള്ളവൻ അവരോടുകൂടെയുള്ളവരേക്കാൾ വലിയവൻ എന്ന തിരിച്ചറിവ് നമുക്ക് ആത്മവിശ്വാസം നൽകും. ദൈവസന്നിധിയിൽ വേറിട്ടിരുന്ന് പ്രാർത്ഥിക്കുന്ന ഭക്തന്മാർക്ക് ആത്മവിശ്വാസം ലഭിക്കും. യഹോവാഭക്തനു ദൃഢധൈര്യം ഉണ്ടെന്നാണ് ശലോമോന്റെ അഭിപ്രായം.

ആത്മവിശ്വാസം ഉള്ള ഒരാളിനു മാത്രമേ സകല ഭാരവും മുറുകെ പറ്റുന്ന പാപവും വിട്ട് നമുക്ക് മുമ്പിൽ വച്ചിരിക്കുന്ന ഓട്ടം സ്ഥിരതയോടെ ഓടുവാൻ സാധിക്കയുള്ളു.

ദൈവവിശ്വാസം, പരസ്പര വിശ്വാസം, ആത്മവിശ്വാസം എന്നീ മൂന്ന് വിശ്വസങ്ങൾ കൈമുതലായുള്ള ഒരു ഉത്തമ വിശ്വാസിയാകാൻ ഈ കുറിപ്പുകൾ സഹായകമാകട്ടെ.

pastorbijuthankachan@gmail.com

# കോരുന്ന ദാഹജലം....

(നാലാം പേജിൽ നിന്നും തുടർച്ച)

ന്റെയും, മത്സരബുദ്ധിയുടെയും ഉച്ചസ്ഥായിയിൽ മുഴങ്ങിക്കേട്ട സഹകരണ മനോഭാവത്തിന്റെ നേർരൂപമായിരുന്നു ആ ചോദ്യത്തിൽ മുഴച്ചുനിന്നത്. കേവലം ഒരു സ്ത്രീയുടെ ചോദ്യമല്ലായിരുന്നു യേശുവിനോട്, മറിച്ച് ഒരു സമൂഹത്തിന്റെ നെടുവീർപ്പുകൾ അതിൽ അടങ്ങിയിരുന്നു. പാരമ്പര്യത്തെ കൂട്ടുപിടിച്ചുകൊണ്ടുള്ള ഒരു ചോദ്യം, അതിൽ തന്നെ സാമൂഹികമായ ചില മാമൂലുകളുമുണ്ടായിരുന്നു. കുടിവെള്ളത്തിൽ പോലും വ്യത്യസ്തത കാണുന്ന ആ ഒരു ചോദ്യം ഇന്നും ഇവിടെ മുഴങ്ങി നില്ക്കുകയാണ്. ആ കാലഘട്ടത്തിലെ വ്യവസ്ഥകൾ പൊതുവഴിയിൽ ഒരു സ്ത്രീയുമായി സംസാരിക്കുന്നതിനെ എതിർത്തിരുന്ന പശ്ചാത്തലത്തിലാണ് യേശുവും ശമര്യക്കാരിയും തങ്ങളുടെ സംഭാഷണം ആരംഭിക്കുന്നത്. ആ കാര്യത്തിൽ നിന്നും വ്യക്തമായി വെളിപ്പെട്ട ആശയം തന്നെ മാമൂലുകളുടെയും പാരമ്പര്യത്തിന്റെയും പൊളിച്ചെഴുത്തായിരുന്നു. മൂന്ന് വിധ കാര്യങ്ങളാണ് അന്ന് അവിടെ കർത്താവ് മാറ്റുവാൻ തയ്യാറായത്. ഒന്ന് താൻ ഒരു സ്ത്രീയോട് സംസാരിച്ചു. രണ്ട്, അവൾ ഒരു ശമര്യാക്കാരയായിരുന്നു, യഹൂദൻമാരാൽ ഏറെ വെറുക്കപ്പെട്ടവളും. മൂന്ന്, അവൻ അവളോട് കുടിക്കുവാൻ ചോദിക്കുമ്പോൾ പാരമ്പര്യവാദമനുസരിച്ച് അവളുടെ കുടമോ, തൊട്ടിയോ തൊട്ടാൽ അശുദ്ധമാകും എന്ന ചിന്ത. യേശുകർത്താവിന്റെ മാത്രം പ്രത്യേകതയായിരുന്നു അത്. ആത്മീയ വിപ്ലവം മാത്രമല്ല, പാരമ്പര്യത്തിന്റെ ചങ്ങലക്കെട്ടുകളെ പൊട്ടിച്ചെറിയുക എന്നതും തന്റെ ഏറ്റവും വലിയ ലക്ഷ്യമായിരുന്നു.

നീ ഒരു യഹൂദനും ഞാനൊരു ശമര്യക്കാരിയും, ഉരുളയ്ക്ക് ഉപ്പേരിപോലെ വന്ന മറുപടി, പക്ഷേ നിന്ദയുടെയും അപമാനത്തിന്റെയും അവഗണനകളുടെയും കാലം ദൈവം മായ്ക്കും എന്നത് എത്രയോ ശരിയായ കാര്യമാണ്. ശിഷ്യന്മാരോട് പിൽക്കാലത്ത് കർത്തവ് വാഗ്ദത്തം ചെയ്ത കാര്യം ഓർക്കുമ്പോൾ പറഞ്ഞ വാക്കുകൾ ഇവിടെ വളരെ ശ്രദ്ധേയമായിത്തീരുകയാണ്. യെരുശലേമിലും യഹൂദ്യയിലും ശമര്യയിലും, പിന്നെ ഭൂലോകമൊക്കെയും എന്റെ സാക്ഷികളാകും. പാരമ്പര്യത്തിന്റെ ചിന്തകളെയും വിശ്വാസങ്ങളെയും അടിമുടി മാറ്റിമറിച്ച പൊന്നുതമ്പുരാൻ ആത്മീയ വിപ്ലവത്തിന്റെ ആരംഭത്തിൽ ശമര്യയ്ക്കും വേണ്ടുന്ന പ്രാധാന്യം നൽകിയത് എത്ര മഹത്തരം. പക്ഷേ, യഹൂദനും ശമര്യനും ഇന്നും അതേ കർത്താവിന്റെ സഭയ്ക്കുള്ളിൽ വളരുന്ന കാഴ്ച എത്ര അപലപനീയമാണ്. ആത്മീയ പാരമ്പര്യത്തിന്റേയോ സാമ്പത്തിക നൻമയുടെ അളവുകളുടെ വലുപ്പത്തിലോ, ഉദ്യോഗ സ്ഥാന മാന പദവികളുടെ അടിസ്ഥാനത്തിലോ ഒക്കെ ഇന്നു ആത്മീയ ലോകത്തിൽ നടമാടുന്ന യഹൂദ, ശമര്യ വ്യത്യാസം ലേഖകനെ പലപ്പോഴും അമ്പരപ്പിച്ചിട്ടുണ്ട്. ജ്ഞാനത്തിന്റെയും പരിജ്ഞാനത്തിന്റെയും വക്താക്കളായി നിലനിന്നുകൊണ്ട് ആത്മാവിലും സത്യത്തിലും ആരാധിക്കുന്നു എന്നഭിമാനിക്കുന്ന ആത്മീയ സമൂഹത്തിൽ വളർന്നു വന്നുകൊണ്ടിരിക്കുന്ന യഹൂദ്യ-ശമര്യ വ്യത്യാസത്തെ കണ്ടിട്ടും അവഗണിക്കുവാൻ വയ്യാത്തതുകൊണ്ട് അതിനെതിരെ ശബ്ദമുയർത്തേണ്ടുന്നത് ഈ കാലഘട്ടത്തിന്റെ ആവശ്യമായി തോന്നി. ഒരു സഞ്ചാര സുവിശേഷകൻ എന്ന നിലയിൽ ഇന്ത്യയൊട്ടാകെയുള്ള വിവിധ ഭാഷക്കാരുടെ സഭകളിൽ ശുശ്രൂഷിക്കുവാൻ പലരുടെയും ക്ഷണം എനിക്കുണ്ടായിട്ടുണ്ട്. അങ്ങനെയൊരു യാത്രയിൽ ഛത്തീസ്ഗഡിൽ ഉള്ള ഒരു സഭയിൽ യോഗത്തിൽ പങ്കെടുത്ത ശേഷം വൈകുന്നേരം നൽകിയ ആഹാരക്രമീകരണം വളരെ ഞെട്ടലുളവാക്കി. രണ്ടു വരികളിലായി ആളുകളെ ഇരുത്തിയിട്ട് അതിൽ ഒരു വരിയിൽ ഇരിക്കുന്നവർക്ക് ആ ഭവനത്തിലെ മനോഹര പാത്രങ്ങളും മറ്റു വരിയിലുള്ളവർക്ക് ഒരു പ്രാവശ്യം ഉപയോഗിച്ച് ഉപേക്ഷിച്ചുകളയുന്ന പാത്രവും നൽകുന്നത് കണ്ടു. ആഹാരം വിളമ്പുന്നതിലും ആ പ്രത്യേകത ഞാൻ തിരിച്ചറിഞ്ഞു. നല്ല പാത്രത്തിൽ തവിയും സ്പൂണും മുട്ടിച്ചു വിളമ്പുകയും ഡിസ്പോസിബൾ പാത്രങ്ങളിൽ ഭക്ഷണം എറിഞ്ഞുകൊടുക്കുകയും ചെയ്യുന്ന കാഴ്ച ഏറെ വേദനയുളവാക്കി. ചാതുർവർണ്ണ്യത്തിന്റെ ഉപദേശങ്ങൾ ഇന്നും ഇന്ത്യൻ ഗ്രാമങ്ങളിൽ ധാരാളമുണ്ട്. പക്ഷേ അതു രക്ഷിക്കപ്പെടുന്നവരിൽ വളർന്നു വരുമ്പോഴോ, സ്ഥാപിക്കപ്പെടുമ്പോഴോ യഹൂദ്യനെയും ശമര്യനെയും ഒന്നാക്കാൻ ശ്രമിച്ച കർത്താവ് ഇന്ന് പടിവാതിലിനു പുറത്താണല്ലോ എന്നാലോചിക്കുമ്പോൾ പറഞ്ഞറിയിക്കുവാൻ പറ്റാത്ത ഒരു വേദന അന്തരാത്മാവിൽ എവിടെയോ രൂപപ്പെടുന്നത് തിരിച്ചറിയുകയാണ്.... ആത്മീകത്തിൽ തികഞ്ഞവർ എന്നും, സുവിശേഷം ആദ്യം തിരിച്ചറിഞ്ഞവർ എന്നും ഒക്കെ അവകാശപ്പെടുന്ന നമ്മുടെ സഭകളിലെ പ്രവണതകൾ പറയാൻ ലജ്ജിക്കുന്നതുകൊണ്ട് ഛത്തീസ്ഗഡിലെ കാര്യം ഉദാഹരണമാക്കേണ്ടി വന്നു. പക്ഷേ നമ്മുടെയിടയിൽ അത്തരം സംഭവങ്ങൾ നടക്കപ്പെടുന്നില്ലെങ്കിലും അതിലും എത്രയോ ഗൗരവമേറിയ പുറത്തുപറയാൻ പറ്റാത്ത തരത്തിലുള്ള വിഭാഗീയതയുടെ വിളനിലമാണ് ഇന്നത്തെ സഭ.

ആലങ്കാരികമായി പറഞ്ഞാൽ, ലോകത്തിലെ ഏറ്റവും വലിയ തിരുത്തൽവാദിയായിരുന്ന യേശുവിന്റെ ശിഷ്യഗണം അഥവാ സഭ ഇന്ന് തിരുത്തലുകൾ ഇല്ലാത്ത ഒരു സമൂഹമായി രൂപപ്പെട്ടു കഴിഞ്ഞു. വേശ്യയെയും ചുങ്കക്കാരനെയും കുഷ്ഠരോഗിയെയും ശമര്യക്കാരിയെയുമൊക്കെ അടിസ്ഥാനശിലകളാക്കി പണിതുയർത്തിയ ദൈവസഭ ഇന്ന് അടിസ്ഥാനങ്ങൾ മനസ്സിലാക്കാതെ ഉയർന്നു വരുന്ന ഒരു മഹാസൗധം പോലെയാണ്. വളർച്ച വലുതാണെങ്കിലും വീഴ്ച എത്രയോ വലുതായിരിക്കും എന്നോർത്തുപോവുകയാണ്. നമ്മുടെ ഇടയിലെ ആധുനിക മാമൂലുകൾ പൊളിച്ചെഴുതപ്പെടട്ടെ! ജാതീയ, സാമ്പത്തിക, വേഷ,ഭാഷ,സൗന്ദര്യ സമവാക്യങ്ങൾ തിരുത്തപ്പെടട്ടെ! ആശിക്കുകയല്ലാതെ എന്തു ചെയ്യാം എന്നോർത്തുപോകുന്നു പ്രീയരേ.... സഭ അതിന്റെ ആരംഭ കാലഘട്ടത്തിലേക്ക് മടങ്ങിപോകേണ്ടിയിരിക്കുന്നു. ആത്മീക സമത്വം നമ്മുടെ ഇടയിൽ ഇനിയും വളർന്നു വരട്ടെ. യഹൂദനും ശമര്യനും യവനനും ബർബ്ബരനും ആത്മീയ ഗോളത്തിൽ ഇല്ലാതെയായി ദൈവമക്കൾ എന്നൊരു സമൂഹത്തിന്റെ വളർച്ചയ്ക്കായി നമുക്ക് ആത്മാർത്ഥമായി കൈകോർക്കാം. ലോകത്തിലെ ഏറ്റവും വലിയ തിരുത്തൽ വാദിയും സാമൂഹിക മാമൂലുകളുടെ പൊളിച്ചെഴുത്തുകാരനുമായിരുന്ന യേശു കർത്താവിന്റെ ശിഷ്യഗണം ആ പാത തന്നെ പിൻതുടരട്ടെ, നമുക്കൊരുമിച്ചു നീങ്ങാം.

സഭയിൽ യഹൂദനും ശമര്യനുമില്ല.

തുടരും

87, Tenement-II, RBTB Hospital,
Kingsway Camp, Delhi-110009
India

# VISWASI

POSTAL REGN.NO.D L 07 / 0138 / 12 - 14
NEWSPAPER REGN. No. 65362 / 97
*Price Rs. 3/-*

Tel : 011- 27658810, Fax : 91-11-27658810, e-mail : icm4india@yahoo.com, website- www.indianchristianmission.com

# കോരുന്ന ദാഹജലം കോരാത്ത ജീവജലം



**പാസ്റ്റർ പ്രിൻസ് പുന്നുച്ചിറകുളത്തിൽ**
**ഗാസിയാബാദ്**

**ആ**രെയോ കാത്തിരിക്കുന്നതുപോലെ തോന്നുന്നു ആദ്ദേഹത്തിന്റെ മട്ടും ഭാവും കണ്ടാൽ; വളരെ സുന്ദരനാണദ്ദേഹം, മുപ്പതിനു മുകളിൽ പ്രായം, പ്രായത്തെ വെല്ലുന്ന ഇരുത്തം വന്ന പക്വത. ചൈതന്യം തുളുമ്പുന്ന മുഖം, പാറിപറക്കുന്ന മുടിയിഴകൾ നെറ്റിയിലേക്ക് വീണുകിടക്കുന്നു. ആർദ്രമായ കണ്ണുകൾ. ആ നോട്ടത്തിൽ വെളിപ്പെടുന്ന ദൈവിക ഭാവം ഏതൊരു പാപിയുടെയും കരളലിയിക്കും. ആ കണ്ണുകളിൽ നോക്കുന്നവന്റെ കരളലിയും. വേഷത്തിൽ ഒരു തികഞ്ഞ യഹൂദനാണദ്ദേഹം. പക്ഷേ ഇരിക്കുന്നത് ശമര്യാ രാജ്യത്തെ സുഖാർ എന്ന ചെറിയ പട്ടണത്തിലെ ഒരു കിണറിന്റെ തീരത്ത്. പാരമ്പര്യ പ്രകാരം പിതാമഹനായ യാക്കോബിൽ നിന്നും യോസഫിന് അവകാശം കിട്ടിയ സ്ഥലമാണത്. വഴിദൂരം നടന്നു വന്നതിന്റെ ക്ഷീണം ആ മുഖത്ത് പ്രകടമായിരുന്നു. നെറ്റിത്തടത്തിൽ പൊടിഞ്ഞു തുടങ്ങിയ വിയർപ്പു തുള്ളികൾ വസ്ത്രത്തിന്റെ തൊങ്ങൽ കൊണ്ട് അദ്ദേഹം ഒപ്പിയെടുത്തു. പെട്ടെന്നാ കണ്ണുകൾ വികസിച്ചു. ആർക്കു വേണ്ടിയാണോ താൻ കാത്തിരുന്നത് ആ വ്യക്തി ദൂരത്ത് നിന്നും നടന്നടുക്കുന്നത് അദ്ദേഹം കണ്ടു. തന്റെ ശിഷ്യന്മാർ ഭക്ഷണം വാങ്ങുവാൻ പട്ടണത്തിൽ പോയിരുന്നു. ഒരാത്മാവിന്റെ വില മുഴുലോകത്തേക്കാൾ വിലയേറിയതായി എണ്ണിയ സാക്ഷാൽ ദൈവപുത്രനായ യേശുവെന്ന ആ യുവാവ് നമുക്ക് കർത്താവായ യേശുക്രിസ്തുവും ശമര്യാക്കാർക്ക് വെറും സുന്ദരനായ ഒരു യുവാവും ആയിരുന്നു. യഹൂദ്യയിൽ നിന്നും ഗലീലയിലേക്കും തിരിച്ചും യാത്ര ചെയ്യേണ്ടിയിരുന്ന മറ്റു റബ്ബിമാർ ശമര്യയെ ഒഴിവാക്കി വളഞ്ഞവഴി സ്വീകരിക്കുമ്പോൾ യേശു മറ്റൊരു വഴി നേർരേഖയിൽ സ്ഥാപിക്കുകയായിരുന്നു.

അതൊരു പന്ത്രണ്ടാം മണി നേരമായിരുന്നു. യഹൂദന്റെ കണക്കിൽ അവർക്കത് പകൽ ആറാം മണി നേരവും. ആ നട്ടുച്ച നേരത്ത് സൂര്യൻ ആകാശത്ത് തന്റെ സർവ്വ പ്രഭയും ചൊരിഞ്ഞ് നിൽക്കുന്നു. താഴെ ആയിരം സൂര്യന്മാരുടെ മുഖപ്രകാശവുമായി യേശുവും. ഒക്കത്തൊരു കുടവുമായി ഒരു സ്ത്രീ മന്ദം മന്ദം ആ കിണറിന് അരികിലേക്ക് നടന്നു വരുന്നു. പകൽ പന്ത്രണ്ടാം മണിനേരം വെള്ളം കോരാൻ വിജനമായ ആ പാതയിലൂടെ നടന്നു വരുന്ന ആ സ്ത്രീ നിസാരക്കാരിയായിരിക്കില്ല; തീർച്ച; കാരണം സ്ത്രീകൾ ഒറ്റക്ക് യാത്രചെയ്യുന്നതിനെ ഏറെ നിഷേധിക്കുന്ന അന്നത്തെ സാമൂഹിക വ്യവസ്ഥ ആ പ്രവണതയെ ഒരിക്കലും പ്രോത്സാഹിപ്പിച്ചിരുന്നില്ല. സാമൂഹിക വ്യവസ്ഥകൾ കാറ്റിൽ പറത്തി അവൾ വന്നത് തന്നെ ആ സമൂഹത്തിൽ അവളുടെ സ്ഥാനം പുറത്തായതുകൊണ്ടായിരുന്നു. ദാഹജലം കോരുവാൻ കൊണ്ടുവന്ന പാത്രം കാലിയായിരുന്നെങ്കിലും വല്ലാത്തൊരു ഭാരം അതിനുള്ളതുപോലെ. അലസമായി ആരെയും ഗൗനിക്കാതെ നടന്നു വരുന്ന അവളുടെ ജീവിതം അവഗണനയുടെയും, നഷ്ട സ്വപ്നങ്ങളുടെയും ബാക്കി പത്രമായിരുന്നു.

സുഖാർ എന്ന ചെറു പട്ടണത്തിൽ നിന്നും യാക്കോബിന്റെ കിണറിലേക്ക് ഏകദേശം 800 മീറ്റർ അഥവ അര മൈൽ ദൂരം ഉണ്ടായിരുന്നതായി വിശ്വസിക്കപ്പെടുന്നു. ചരിത്രകാരന്മാർ അതു സാക്ഷീകരിക്കുന്നുമുണ്ട്. അതായത് ഒരു കുടം വെള്ളം വീട്ടിലെത്തണമെങ്കിൽ അവൾ പിന്നിടേണ്ടിയിരുന്ന ദൂരം 1600 മീറ്റർ അതായത് ഒന്നര കിലോമീറ്ററിലധികം. സുഖാർ എന്ന ശമര്യ പട്ടണത്തിൽ വെള്ളം കിട്ടാക്കനിയായത് കൊണ്ടല്ല മറിച്ച് സമൂഹത്തിൽ സ്വന്ത സ്ഥാനം പടിക്കപ്പുറമായിരുന്നതുകൊണ്ടായിരുന്നു അവൾക്ക് ദിവസം പലപ്രാവശ്യം ഇത്രയും ദൂരം താണ്ടേണ്ടി വന്നിരുന്നത്.

എല്ലാം സശ്രദ്ധം വീക്ഷിച്ചിരുന്ന യേശു അവൾ വെള്ളം കോരുവാൻ തുടങ്ങിയപ്പോൾ തന്റെ മൗനത്തിന് വിരാമം കുറിച്ചു. എനിക്ക് കുടിക്കുവാൻ വെള്ളം തരുമോ എന്ന ചോദ്യം അവിടെ ഉയർന്ന് കേട്ടു. അപ്രതീക്ഷിതമായ ആ ചോദ്യം അവളിൽ ഉണ്ടാക്കിയത് വ്യത്യസ്ത വികാരങ്ങളുടെ ഒരു വേലിയേറ്റം തന്നെയായിരുന്നു. കേൾക്കാൻ പാടില്ലാത്ത എന്തോ കേട്ടതുപോലെ അവൾ യേശുവിനെ തുറിച്ച് നോക്കി. സമ്മിശ്ര വികാരങ്ങളാൽ പ്രക്ഷുബ്ദമായിപ്പോയ അവളുടെ ഉള്ളിൽ നിന്നും വന്നത് മറ്റൊരു ചോദ്യമായിരുന്നു. നീ യഹൂദൻ ആയിരിക്കെ ശമര്യക്കാരിയായ എന്നോട് കുടിപ്പാൻ ചോദിക്കുന്നത് എങ്ങനെ? യഹൂദർക്കും ശമര്യർക്കും തമ്മിൽ സമ്പർക്കമില്ല!

അതൊരു ചോദ്യമായിരുന്നു. യഹൂദനും ശമര്യനും എന്ന രണ്ടു ജാതികളിൽ മറഞ്ഞിരുന്ന വിദ്വേഷത്തിന്റെയും പകയുടെയും, വൈരാഗ്യത്തി

(ശേഷം മൂന്നാം പേജിൽ)

## ഇന്ത്യൻ ക്രിസ്ത്യൻ മിഷൻ

1. സഭാ സ്ഥാപനം (ഫെയ്ത്ത് ഫെലോഷിപ്പ് ചർച്ച്- ഡൽഹി, ബീഹാർ, കേരളം)
2. ഫെയ്ത്ത് സെലിബ്രേഷൻ ബൈബിൾ കോളജ് (കേരളം)
3. ഇന്ത്യൻ ക്രിസ്ത്യൻ മിഷൻ സ്കൂളുകൾ (ബീഹാർ)
4. ഐ.സി.എം. അക്കാദമി (ബീഹാർ)
5. കോച്ചസ് ചൈൽഡ് ഡെവലെപ്പ്മെന്റ് സെന്റർ (ബീഹാർ)
6. ഫെയ്ത്ത് സീയോൻ സിംഗേഴ്സ് (കേരളം)
7. വിശ്വാസി പബ്ളിക്കേഷൻസ്
8 മ്യൂസിക്കൽ സി.ഡികൾ (സ്നേഹധ്വനി, സ്നേഹധാര, സ്നേഹനാഥൻ, കൺവൻഷൻ ഗാനങ്ങൾ, സ്നേഹമാധുരി, പ്രേംവാണി (ഹിന്ദി), പ്രേമമാധുരി (തെലുങ്ക്)

**ഈ പ്രവർത്തനങ്ങളിൽ നിങ്ങൾക്കും പങ്കാളികളാകാം**

1. ഇന്ത്യൻ ക്രിസ്ത്യൻ മിഷന്റെ പ്രവർത്തനങ്ങളെക്കുറിച്ചുള്ള നിങ്ങളുടെ അഭിപ്രായങ്ങളും നിർദ്ദേശങ്ങളും ഞങ്ങളെ അറിയിക്കുക
2. ഇന്ത്യൻ ക്രിസ്ത്യൻ മിഷന്റെ പ്രവർത്തനങ്ങളെ ഓർത്ത് ദിവസവും പ്രാർത്ഥിക്കുക
3. ഇന്ത്യൻ ക്രിസ്ത്യൻ മിഷന്റെ പ്രവർത്തനങ്ങളെ മറ്റുള്ളവർക്ക് പരിചയപ്പെടുത്തുക
4. ഇന്ത്യൻ ക്രിസ്ത്യൻ മിഷന്റെ പ്രവർത്തനങ്ങളെ സാമ്പത്തികമായി സഹായിക്കുക

**സംഭാവനകൾക്ക് ആദായനികുതി (80ജി) ഇളവ് ലഭിക്കുന്ന രസീത് നൽകുന്നതാണ്.**

**INDIAN CHRISTIAN MISSION**
**87, TENEMENT-II, RBTB HOSPITAL, KINGSWAY CAMP, DELHI-110009**
**E-mail: icm4india@yahoo.com**
**Website: www.indianchristianmission.com**

വേദവിചാരം

## ദൈവം നൽകുന്ന വിശാലത



**പാസ്റ്റർ ബിജു ബഞ്ചമിൻ**
**അടൂർ**

ദൈവം വിശാലതയുടെ ദൈവമാണ്. ജീവിതത്തിൽ വിശാലതയാഗ്രഹിക്കാത്തവർ ചുരുക്കമാണ്.വിദ്യാഭ്യാസ,ശാരീരിക,സാമ്പത്തിക,മേഖലകളിലെല്ലാം നാം ഈ വിശാലത പ്രതീക്ഷിക്കുന്നു. ചിലർ അത് സ്വന്തമാക്കുമ്പോൾ മറ്റ് ചിലർ അമ്പേ പരാജയം സമ്മതിക്കുന്നു.വിശാലതയ്ക്ക് വേണ്ടി വളഞ്ഞവഴികൾ അന്വേഷിക്കുന്നവരും കുറവല്ല. വിശാലതയെക്കുറിച്ചുള്ള ലൗകീകമായ നിരവധി വിചിന്തനങ്ങൾ ഇന്ന് നിലവിലുണ്ട്.

വിശാലതയെക്കുറിച്ചുള്ള വേദപുസ്തക പരാമർശങ്ങൾ അനവധിയാണ്.ദൈവമക്കളിൽ ദൈവം ആഗ്രഹിക്കുന്നത് വിശാലതയാണ്. ആണും പെണ്ണുമായി ആദ്യ മാതാപിതാക്കളെ സൃഷ്ടിച്ച അനാദിയായ ദൈവം ആദ്യമായി അവർക്ക് നൽകിയ കൽപ്പനയും അനുഗ്രഹവും വിശാലതയ്ക്ക് വേണ്ടിയുള്ളതായിരുന്നു.'നിങ്ങൾ സന്താനപുഷ്ടിയുള്ളവരായി പെരുകി ഭൂമിയിൽ നിറയുക.......'(ഉൽപ്പത്തി 1:28). സന്തതികളില്ലാതെ തുല്ല്യ ദുഃഖിതരായിരുന്ന അബ്രഹാം സാറാ ദമ്പതിമാരെ അനുഗ്രഹിച്ച് ആകാശത്തിലെ നക്ഷത്രങ്ങൾ പോലെയും കടൽത്തീരത്തെ മണൽത്തരിപോലെയും എണ്ണിയാലൊടുങ്ങാത്ത സന്തതിപരമ്പരയുടെ വിശാലതയിലേക്ക് ദൈവം വഴിനടത്തി.ഈജിപ്തിൽ അടിമകളായിരുന്ന ഇസ്രായേൽ ജനത്തെ സമ്പന്നതയോടെ പുറപ്പെടുവിച്ച് കനാൻ നാട്ടിലെ പാലും തേനും ഒഴുകുന്ന വിശാലതയിലേക്ക് യഹോവ കൊണ്ടുവന്നു.സ്വന്തം സഹോദരമാർ തള്ളിക്കളഞ്ഞ ജോസഫിനെ മിസ്രയീമിലെ പ്രധാനമന്ത്രിപഥത്തിന്റെ വിശാലതയിലേക്കു കൈപിടിച്ച് നടത്തിയതും ദൈവത്തിന്റെ അതിരില്ലാത്ത സ്നേഹ കരങ്ങളാണ്.സങ്കീർത്തനങ്ങൾ കൊണ്ട് സംഗീത സൗധം തീർത്ത ദാവീദിന്റെ പ്രഖ്യാപനവും വ്യത്യസ്തമല്ല. ഞാൻ ഞെരുക്കത്തിൽ ഇരുന്നപ്പോൾ നീ എനിക്ക് വിശാലത വരുത്തി..(സങ്കീ 4:1).വ്യസനപുത്രനെന്ന് പേരുകൊണ്ട് അറിയപ്പെട്ട യബ്ബേസ് യഹോവയായ ദൈവത്തോട് തന്നെ അനുഗ്രഹിച്ച് തന്റെ അതിർ വിശാലമാക്കണമെന്ന് അപേക്ഷിച്ചു.അവൻ അപേക്ഷിച്ച് ദൈവം അവന് നൽകി. യബ്ബേസിനെ ദൈവം വിശാലതയിലേക്ക് നയിച്ചു(1 ദിന.വൃ4:910)

2 രാജാക്കൻമാർ ആറാം അദ്ധ്യായത്തിൽ വിശാലതയന്വേഷിച്ച ഒരുകൂട്ടം പ്രവാചക ശിഷ്യൻമാരെ നമുക്ക് കാണുവാൻ കഴിയും. വളരുന്ന അംഗസംഖ്യക്കൊത്ത് താമസസ്ഥലം വിശാലമാക്കുവാൻ ശ്രമിക്കുകയാണ് അവർ ഇവിടെ. ഏലീശായുടെ നേതൃത്വത്തിൽ ഒരുമിച്ച് പാർത്ത ഒരു സമൂഹമായിരുന്നു ഈ പ്രവാചക ശിഷ്യൻമാർ. ഇങ്ങനെയുള്ള സമൂഹങ്ങൾ ബഥേലിലും ,യെരിഹോവിലും ഗിൽഗാലിലും ഉണ്ടായിരുന്നു(2 രാജാ 2:3, 5,15-18, 4:38). അവർ യോർദ്ദാനോളം ചെന്ന് അവിടെ നിന്ന് ഓരോരുത്തൻ ഒരോ മരം കൊണ്ടുവരേണ്ടതിന്ന് പ്രവാചകന്റെ അനുവാദത്തോടെ പുറപ്പെടുകയാണ്. യോർദ്ദാങ്കൽ എത്തി മരം മുറിക്കുമ്പോൾ ഒരാളുടെ കോടാലി ഊരി വെള്ളത്തിൽ വീണു.എലീശയുടെ സഹായത്താൽ അമാനുഷികമായ ഒരു അത്ഭുത പ്രവർത്തിയിലൂടെ വെള്ളത്തിൽ നഷ്ടപ്പെട്ട കോടാലി തിരികെ ലഭിക്കുന്നതാണ് 2 രാജാ 6:1-7 വരെയുള്ള വാക്യങ്ങളുടെ സന്ദർഭം. വിശാലതയ്ക്ക് വേണ്ടിയുള്ള ഒരു ഉദാത്തമായ പ്രവർത്തിയുടെ ദൃഷ്ടാന്തം നമുക്ക് ഇവിടെ പഠിക്കാവുന്നതാണ്.

വളർച്ചയുണ്ടെങ്കിലേ വിശാലതയുടെ ആവശ്യം വരുന്നുള്ളൂ. വളർച്ചയില്ലാത്തവർ ഉള്ള നിലവാരത്തിൽ തുടരുവാനാണ് പൊതുവെ ആഗ്രഹിക്കുന്നത്. വ്യക്തിപരമായ ജീവിത നിലവാരത്തിലും ,സാമൂഹികവും സഭാപരവുമായ പശ്ചാത്തലത്തിലും ഈ തത്വം ബാധകമാണ്. ജീവിതത്തിന്റെ പച്ചയായ യാഥാർത്ഥ്യങ്ങളിലേക്ക് ഉണർന്ന് വന്ന് വിശാലതയുടെ ആവശ്യകത നാം മനസ്സിലാക്കണം.ഈ സത്യം മനസ്സിലാക്കാതെ ഉറങ്ങുന്നവരോട് വേദപുസ്തകം നൽകുന്ന മുന്നറിയിപ്പ് ശ്രദ്ധേയമാണ്(സദൃശ 6:9-11). വളർച്ചയിലെത്തണമെങ്കിൽ നമുക്ക് സുദൃഡമായ ദർശനവും വ്യക്തമായ കാഴ്ചപ്പാടും ഉൺായിരിക്കേണം(സദൃശ 29:18). ദർശനം നഷ്ടപ്പെടുന്നവന് ദിശാബോധവുമില്ല.വിശാലതയോടുള്ള ബന്ധത്തിലും ഇത് പ്രായോഗികമാണ്.പ്രവാചക ശിഷ്യൻമാർക്ക് വളർച്ചയുണ്ടായി ഒപ്പം വിശാലതയ്ക്കു വേണ്ടിയുള്ള ആഗ്രഹവും അവരിൽ അങ്കുരിച്ചു.

വിശാലതയുടെ രണ്ടാമത്തെ പടി ശുഷ്കാന്തിയോടെ പ്രവർത്തിക്കുവാൻ തയ്യാറാവുക എന്നുള്ളതാണ്. താമസിക്കുവാൻ ഞെരുക്കം നേരിട്ട ശിഷ്യൻമാർ യോർദ്ദാനോളം പോയി മരം മുറിച്ചു കൊണ്ടു വരുവാൻ സ്വമേധയാ തയ്യാറാവുന്നു. അത് ഒരു വെല്ലുവിളിയായി അവർ ഏറ്റെടുക്കുന്നു.പ്രവർത്തിപ്പാൻ അവർ തയ്യാറാകുന്നു. ഉത്സാഹികളുടെ കൈ അധികാരം നടത്തും,മടിയനോ ഊഴിയ വേലയ്ക്ക് പോകേണ്ടി വരും( സദൃശ 12:24). മടിയൻ കൊതിച്ചിട്ടും ഒന്നും കിട്ടുന്നില്ല,ഉത്സാഹികളുടെ പ്രാണനോ പുഷ്ടിയുണ്ടാകും( സദൃശ 13:4).മടിയൻമാരുടെ ജീവിതത്തിൽ വിശാലത ബഹു വിദൂരത്തിലാണ് എന്ന് നിസ്സംശയം പറയുവാൻ കഴിയും.

മൂന്നാമതായി വിശാലതയിലേക്കുള്ള ചവിട്ടുപടി വിനയവും വിധേയത്വവുമാണ്. തങ്ങളുടെ ഗുരുവായ ഏലീശയുടെ അനുമതിയോടും ആശീർവ്വാദത്തോടും കൂടിയാണ് ശിഷ്യൻമാർ പ്രവർത്തിക്കുവാൻ തയ്യാറായത്. ദയവുചെയ്ത് അടിയങ്ങളോട് കൂടെ പോരേണമേ എന്ന അപേക്ഷ വിനയത്തിന്റെ ഉദാഹരണമാണ്.കോടാലി നഷ്ടപ്പെട്ടപ്പോൾ പ്രവാചകനായ ഏലീശയെ അറിയിക്കുവാൻ മനസ്സ് കാട്ടിയത് വിധേയത്വത്തിന്റെ അടയാളവും.

സർവ്വോപരി വിശാലത ദൈവീക അനുഗ്രഹമാണ്.ദൈവത്തിന്റെ ദാസനായ ഏലീശയിലൂടെ അത്ഭുതസംഭവമായി നഷ്ടപ്പെട്ടത് തിരികെ ലഭിക്കുന്നു. വിശാലത നേടണം എന്ന ആഗ്രഹം സഫലമാകുന്നു. നാം വിശാലതയിലേക്ക് നയിക്കപ്പെടുമ്പോൾ സമുഹത്തിന്റെ മുമ്പിൽ നാം ദൈവത്തിന്റെ സാക്ഷികളായിമാറുന്നു.ദൈവതിരുനാമം മഹത്വപ്പെടുന്നു.ഞെരുക്കങ്ങൾ അനുഭവിക്കുന്ന നമ്മെയും വിശാലതയിതേക്ക് നയിക്കുവാൻ നമ്മുടെ ദൈവം വിശ്വസ്തനാണ്.

bijubenjamin1976@gmail.com

*Edited, Printed, Published and Owned by Pastor M. Samuelkutty, 87 Tenement-II, RBTB Hospital, Delhi-9, at New Life Printers (P) Ltd, Delhi-9, Tel : 32607442*